പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2050 | 05.12.2018-ൽ മറുപടിയ്ക്ക്

## ലൈറ്റ് മെട്രോ പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.മുരളീധരൻ | | പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) കോഴിക്കോട്ടും തിരുവനന്തപുരത്തും ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | 2017 ആഗസ്റ്റ് മാസം കേന്ദ്രസർക്കാർ പ്രാബല്യത്തിൽ കൊണ്ടുവന്ന പുതിയ മെട്രോ റെയിൽ നയത്തിനനുസൃതമായി ആവശ്യമായ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പുതുക്കിയ പദ്ധതി രേഖ (DPR) 2017 ഡിസംബറിൽ ഡി.എം.ആർ.സി. സമർപ്പിച്ചു. പുതുക്കിയ ഡി.പി.ആർ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതതല സമിതിയെ 2018 ഫെബ്രുവരിയിൽ സർക്കാർ ചുമതലപ്പെടുത്തി. പ്രസ്തുത സമിതി പുതുക്കിയ ഡി.പി.ആർ. അവലോകനം ചെയ്യുകയും തുടർന്ന് 2018 ഒക്ടോബറിൽ സർക്കാറിന് റിപ്പോർട്ട് സമർപ്പിക്കുയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ട് താമസിയാതെ സംസ്ഥാന മന്ത്രിസഭ പരിഗണിക്കുകയും ആവശ്യമായ തുടർനടപടികളെക്കുറിച്ച് തീരുമാനം എടുക്കുകയും ചെയ്യുന്നതാണ്. |

തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നിവിടങ്ങളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**(ബി)** ഇതു സംബന്ധിച്ച് നിയോഗിച്ച വകുപ്പ് മേധാവികളുടെ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; പ്രസ്തുത റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്;

**(ബി)** ഉണ്ട്. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പുതുക്കിയ വിശദ പദ്ധതിരേഖ പരിശോധിക്കുന്നതിനായി സർക്കാർ നിയോഗിച്ച സമിതിയുടെ നിരീക്ഷണങ്ങളുടെ സംക്ഷിപ്ത രൂപം താഴെ പറയുന്നു.

1. നിർദ്ദിഷ്ട ലൈറ്റ് മെട്രോ പദ്ധതികൾ തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ പൊതു ഗതാഗത സംവിധാനങ്ങളിൽ കാതലായ മാറ്റം വരുത്തുന്നതിന് ശേഷിയുള്ളതാണ്. പ്രസ്തുത നഗരങ്ങളിലുള്ള ജനങ്ങൾക്ക് സമയബന്ധിതവും, ചെലവു ചുരുങ്ങിയതും, പരിസ്ഥിതി സൗഹാർദ്ദപരവും, സുഖപ്രദവും, സുരക്ഷിതവുമായ യാത്രയ്ക്കുള്ള അവസരം ഇതുവഴി ലഭ്യമാകുന്നതാണ്. ചുരുങ്ങിയത് 50 വർഷത്തേക്കെങ്കിലുമുള്ള ഗതാഗത ആവശ്യങ്ങൾ നിറവേറ്റാൻ പ്രാപ്തമായ ഒരു ഗതാഗത സംവിധാനമാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

2. ആദ്യവർഷങ്ങളിൽ യാത്രക്കാരുടെ എണ്ണം പദ്ധതി റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നതിനേക്കാൾ ഗണ്യമായി കുറവായിരിക്കും എന്നാണ് സമിതിയുടെ വിലയിരുത്തൽ. രാജ്യത്തെ സമാനമായ മറ്റ് മെട്രോ പദ്ധതികൾ സംബന്ധിച്ച് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ, ലൈറ്റ് മെട്രോകൾ പ്രവർത്തന സജ്ജമായ ശേഷം പ്രതീക്ഷിക്കാവുന്ന വിവിധ സാഹചര്യങ്ങൾ കമ്മിറ്റി കണക്കിലെടുത്തിട്ടുണ്ട്. ലൈറ്റ് മെട്രോ പ്രവർത്തനം ആരംഭിച്ച് ആദ്യ 7-8 വർഷ കാലയളവിലായി കോഴിക്കോട് 101 കോടിയും,

തിരുവനന്തപുരത്ത് 143 കോടി രൂപയും സർക്കാരിന്റെ ഭാഗത്ത് നിന്ന് അധിക ധനസഹായമായി വേണ്ടി വരുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്. രണ്ടു പദ്ധതികളും പൂർത്തിയായതിനു ശേഷം 8-9 വർഷം കൊണ്ട് നടത്തിപ്പിനാവശ്യമായ വരുമാനം കൈവരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

3. പദ്ധതി പൂർത്തിയാക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ വിഹിതമായി 5 വർഷം കൊണ്ട് 2187 കോടി രൂപയാണ് (സ്ഥലമെടുപ്പ് ഉൾപ്പെടെ) ലഭ്യമാക്കേണ്ടത്.

4. പദ്ധതി വിഹിതത്തിന് പുറമേ ഏകദേശം 3783 കോടി രൂപ വായ്പയും അതിൻമേലുള്ള പലിശയും തിരിച്ചടയ്ക്കുന്നതിനുള്ള ഉത്തരവാദിത്വം സംസ്ഥാന സർക്കാർ വഹിക്കേണ്ടതായി വരും. വായ്പ തിരിച്ചടയ്ക്കുന്നതിനായി ഏഴ് മുതൽ പത്ത് വർഷം വരെയുള്ള മോറട്ടോറിയം ഉൾപ്പെടെ 30 വർഷത്തെ കാലയളവ് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ലൈറ്റ് മെട്രോ നടത്തിപ്പിൽ നിന്നുള്ള വരുമാനം വായ്പ തിരിച്ചടയ്ക്കുന്നതിന് പര്യാപ്തമല്ലാത്തതിനാൽ ഇത് ഏതാണ്ട് പൂർണ്ണമായും സർക്കാർ വഹിക്കേണ്ടി വരും.

5. പുതുക്കിയ പദ്ധതിരേഖ കേന്ദ്ര സർക്കാരിന്റെ പുതിയ മെട്രോ നയപ്രകാരമുള്ള മാനദണ്ഡങ്ങൾ പൂർണ്ണമായും പാലിക്കുന്നതായാണ് കാണുന്നത്. എന്നാൽ പദ്ധതിയുടെ സാങ്കേതിക വശങ്ങളും, ഇനം തിരിച്ചുള്ള ചെലവു സംബന്ധിച്ചും കമ്മിറ്റി വിശദമായ പരിശോധന നടത്തിയിട്ടില്ല.

6. Value Capture Finance (VCF)നായി സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളിൽ മെട്രോ പാതയിൽ ഉൾപ്പെടുന്ന കെട്ടിടങ്ങൾക്കുള്ള നികുതിയും, ഭൂമിയുടെ രജിസ്ട്രേഷൻ നിരക്കും വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശ ഉൾപ്പെടുന്നു. ഇത് തത്വത്തിൽ അംഗീകരിക്കാവുന്നതാണ്. എന്നാൽ മേൽ പ്പറഞ്ഞ ശുപാർശകൾ നടപ്പിലാക്കുന്നതിന് മുൻപ് നിരക്ക് വർദ്ധനയുടെ തോത് നിശ്ചയിക്കുന്നതിനായി ബന്ധപ്പെട്ടവരുമായി

കൂടിയാലോചിച്ച് വിശദമായ പഠനം നടത്തേണ്ടതു് ആവശ്യമാണ്.

7. മെട്രോ പാതയിൽ കെട്ടിട നിർമ്മാണത്തിനായുള്ള Floor Area Ratio (FAR) 4 ആയി വർദ്ധിപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിർദ്ദേശം അംഗീകരിക്കാവുന്നതാണ്. കേരള മുൻസിപ്പൽ കെട്ടിട നിർമ്മാണ നിയമങ്ങളിലും (KMBR), കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ നിയമങ്ങളിലും (KPBR), ഇതിനോടകം തന്നെ മിക്ക വിഭാഗം കെട്ടിടങ്ങളുടെയും FAR 4 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

**(സി)** പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുവാൻ എന്ത് തുക ചെലവ് വരും; പദ്ധതി എന്നത്തേക്ക് പ്രാവർത്തികമാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

**(സി)** തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയ്ക്ക് പ്രതീക്ഷിക്കുന്ന ആകെ ചെലവ് 4673 കോടി രൂപയാണ്. പദ്ധതി പൂർത്തീകരിക്കാനെടുക്കുന്ന കാലയളവ് 5 വർഷമാണ്. കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതിയ്ക്ക് പ്രതീക്ഷിക്കുന്ന ആകെ ചെലവ് 2773 കോടി രൂപയാണ്. പദ്ധതി പൂർത്തീകരിക്കാനെടുക്കുന്ന കാലയളവ് 4 വർഷമാണ്.

സെക്ഷൻ ഓഫീസർ